# മേഘസന്ദേശം
# (എസ്. എം. എസ്.)

നിരഞ്ജൻ



മേഘസന്ദേശം (എസ്. എം. എസ്.)
നിരഞ്ജൻ
(മലയാളം: കവിതകൾ)

© 2021, Niranjan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Anna-Potocka, a painting by Wincenty de Lesseur. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മുറ്റത്തെ മരം ആദ്യം പൂത്ത ദിവസം



വീട്ടുമുറ്റത്തെ പേരറിയാമരം
ഞാൻ നട്ടതാണ്...
വലുതായി ഞാൻ
എന്നു മരം കൊമ്പുനീട്ടിയപ്പോൾ
അയലത്തെ കുറുമ്പുകാരിയെ
കൊമ്പിലിരുത്തി കരയിച്ചതും ഞാനാണ്...


പിന്നെപ്പിന്നെ...
കുഞ്ഞുടുപ്പിട്ട കുസൃതികൾ
പല നിറങ്ങളിൽ ചില്ലകളിൽ നിറഞ്ഞു...
പിന്നെപ്പിന്നെ
പേരറിയാപ്പക്ഷികൾ
കൂടെയിരുന്നു ചിലച്ചു...
മരംകേറിപ്പെണ്ണുങ്ങളുടെ
പ്രിയപ്പെട്ട കുഞ്ഞുമരം
എന്റെ വീട്ടുമുറ്റത്ത് ചിരിച്ചുനിന്നു...

ഇന്നാളൊരു ദിവസം
ആ കുറുമ്പുകാരിപ്പെണ്ണ്
ആകെ പൂത്തുലഞ്ഞ്
ഫുൾ പാവാടയിട്ട്
മരം കേറാതെ നിന്നപ്പോൾ
എന്തേയെന്ന വിഡ്ഢിച്ചോദ്യം
ചോദിച്ചതും ഞാനാണ്...

ഞാനും വലിയ കുട്ടിയായി
എന്നവൾ നാണിച്ചപ്പോൾ
എന്റെ മരവും നാണിച്ചുപൂത്തു...!

(ഫെബ്രുവരി 2011)

# 120/80



“വിക്ഷുബ്ധനായിപ്പോവുന്നു
നിയന്ത്രണം കിട്ടുന്നില്ല”

ഇളം നീലക്കോട്ടിട്ട്
കുനിഞ്ഞുനിന്നു പരിശോധിക്കുന്ന
ആകാശത്തിനോട്ട് കടൽ പറഞ്ഞു

“ഉപ്പ് കുറയ്ക്കണം ബി. പി. കൂടുതലാണ്”
ആകാശം കാര്യം പറഞ്ഞു

“അയ്യോ... ഞാൻ കടലാണ്...!
ഉപ്പ് ന്ന് വെച്ചാൽ...!”
കടൽ അന്തം വിട്ടു

“ആരായാലും വേണ്ടില്ല...”
ഒരു പഞ്ഞിമേഘമെടുത്ത് മൂക്കു തുടച്ച്
കഴിയുന്നത്ര നിർവ്വികാരനായി
ആകാശം പറഞ്ഞു “ബി. പി. കൂടുതലാണ്
ഉപ്പ് കുറയ്ക്കണം... അത്ര തന്നെ...”
നിസ്സഹായനായ കടൽ
ചക്രവാളത്തിന്റെ വാതിൽക്കലേക്കു നോക്കി
യൂണിഫോമിൽ കടന്നുവന്ന
അല്പമിരുണ്ടു തുളുമ്പുന്നൊരു മഴയെ
ദയനീയമായി നോക്കി

മഴയൊന്നു പുഞ്ചിരിച്ചു
കടലിന്റെ ഞരമ്പിൽ മൃദുവായൊന്നമർത്തി
ചെറുതായൊന്ന് തട്ടിത്തലോടി
“അങ്ങനീണ്ടാവും സാരല്ല്യ
ഒന്നുകൂടി നോക്കാം...”
മഴയുടെ വിരൽസ്പർശങ്ങളിൽ
കടലങ്ങനെ ഉറങ്ങിപ്പോയി
ഉണർന്നപ്പോൾ ചിരിച്ചുതെളിഞ്ഞുനിൽക്കുന്നു
മഴ
ആകാശത്തിന്റെ ചാർട്ടിൽ
നീലമഷികൊണ്ടു് കുറിച്ചിട്ടിരിക്കുന്നു.
120 / 80

# വേനലിലോടുന്ന ഹീറ്റ് എഞ്ചിൻ



ചുമച്ചും കിതച്ചും
ഓടിത്തേഞ്ഞ ഒരു എഞ്ചിന്റെ
കാർഡിയോഗ്രാം പോലൊരു പവർ ഡയഗ്രം
വെളിവാക്കിത്തന്നതെല്ലാം
ഇന്നും തെളിഞ്ഞുകാണുന്നുണ്ട്

മാറുന്ന സ്ഥലവും കാലവും
അടയാളപ്പെടുത്തിയിട്ട
ഋതുക്കളുടെ രേഖാചക്രത്തിൽ
വിശപ്പും വിയർപ്പും വിരഹവും
ഉന്മാദിപ്പിച്ച ഒരാളലോടെ
വേനലിന്റെ ഊർജ്ജമാണ്
വസന്തമായിപൂത്തുലയുന്ന
ശിഖരബിന്ദുവിലേക്ക്
പറന്നുകയറിയതെന്ന്
അറിയുന്നുണ്ട്

സ്വപ്നങ്ങളുടെ ശിശിരം
ഒരു എക്സോസ്റ്റ് സ്ട്രോക്കായി
നിശ്വസിക്കുന്നതും
മഴക്കാലത്തണുപ്പുള്ള
ഒരു കാറ്റിനെ
ഏറ്റുവാങ്ങാൻ കാത്തിരിക്കുന്നതും
അതുകൊണ്ടാണ്.

# കാണാത്തത്



പലപ്പോഴും
വറ്റിപ്പോയെന്നു തോന്നിക്കുന്ന
പുഴകളുടെ താഴെയുമുണ്ട്
മണലിലാഴ്ന്ന് മണ്ണിൽ പടർന്നിറങ്ങുന്ന
ആരും കാണാത്ത ഒരൊഴുക്ക്

പലപ്പോഴും
അർത്ഥമില്ലെന്നു തോന്നിക്കുന്ന
വാക്കുകൾക്കടിയിലുമുണ്ട്
ചങ്കിൽ കൊളുത്തി തൊണ്ടയിടറിക്കുന്ന
ചില തോന്നലുകളുടെ നനവ്.

# ഉമ്മവണ്ടുകൾ

ഷിസ്.ഷിം.ഷിസ്



പെയ്യാത്ത മഴയുടെ
കിനിയാത്ത നനവിൽ
മുളയ്ക്കാത്ത വിത്തിന്റെ
പടരാത്ത കൊമ്പിൽ
പൂക്കാത്ത പൂവിന്റെ
കായ്ക്കാപ്പഴത്തിൽ
കൊത്താത്ത കിളിയുടെ
നിവരാത്ത ചിറകിൽ
പറക്കാത്ത ദൂരത്തെ
ആകാശമത്രയും
വിങ്ങുന്ന മേഘമായ്
കൂടിനിൽപ്പുണ്ടെന്റെ ഉമ്മകൾ

നിനക്കെന്നു മാത്രം
ഇടിമിന്നി നിൽക്കുന്ന
വാക്കുകളുടെ ചുണ്ടുകൾ കൊണ്ട്
കവിതയിൽ നിന്നെ ഉമ്മവെക്കുമ്പോൾ
എത്ര മഴകളാണ്, എത്ര മരങ്ങളാണ്
എത്ര പൂക്കളാണ്, എത്ര കനികളാണ്
എത്രയോ കിളിച്ചിറകുകളായി
എനിക്കും നിനക്കും മാത്രമറിയുന്ന
ഒരാകാശത്തേക്ക് പറന്നുയരുന്നത്...!

□

## നിരഞ്ജൻ



പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം.
മറൈൻ എൻജിനീയർ, വിവാഹിതൻ.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014